പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 348 — 29-06-2016 ൽ മറുപടിക്ക്

**നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ.വി.വിജയദാസ്** | | **ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായതുൾപ്പെടെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (എ) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) എങ്കിൽ എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വിശദമാക്കാമോ; | (ബി) യും | ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതാണ്.<br><br>വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തും. വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണസ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും, വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ആഗോളവത്ക്കരണത്തിന്റെ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും.

ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) പുന:സംഘടിപ്പിച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാവുന്ന എന്ന ആക്ഷേപത്തിന്റെ കാരണങ്ങൾ വിശദമായി പരിശോധിച്ച് വിശദാംശം വെളിപ്പെടുത്താമോ?

(സി) ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും, വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഉൽപ്പാദന പ്രക്രിയയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്.

അനാരോഗ്യപരമായ ഇറക്കുമതിയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

നിലവിലുള്ള സ്വകാര്യ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കും, പുതിയ തലമുറയെ

ആകർഷിക്കാൻ ആവശ്യമായ സംവിധാനം ഒരുക്കും. കാലാനുസൃതമായ പരിഷ്കാരങ്ങൾ മാനേജ്മെന്റ തലത്തിൽ നടപ്പിലാക്കും, തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തി തൊഴിൽ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നു.

സെക്ഷൻ ഓഫീസർ